13.01.2024

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/01/2024

1. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

2. ആലപ്പുഴ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് അർഹത. SSLC, PLUS TWO ബിരുദം പ്രൊഫഷണൽ ബിരുദം എന്നീ തലങ്ങളിൽ പഠിക്കുന്നവർ ആയിരിക്കണം. അപേക്ഷകർ 2022-23 അക്കാദമിക്ക് വർഷം പഠനം പൂർത്തീകരിച്ചതും 2023-24വർഷം യോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുമായിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും അപേക്ഷയും www.kdfwf.orgg വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസനയുണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടുക. അപേക്ഷ **ജനുവരി** 15 വരെ സ്വീകരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസിനു അപേക്ഷിക്കാം. ആലപ്പുഴ ഫിഷറീസ് വകുപ്പ്നടപ്പാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിലേക്ക്മത്സ്യത്തൊഴിലാളികളായ ഉടമകളിൽനിന്നും അപേക്ഷ ക്ഷണിച്ചു. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യബന്ധനയാനങ്ങളുടെ ഇൻഷുറൻസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം 2012 ജനുവരി മുതൽ രജിസ്റ്റർ ചെയ്തപരമ്പരാഗതയാനങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. വിശദവിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും അതാത് മത്സ്യഭവനുമായി ബന്ധപെടുക.

4. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ജനകീയസൂത്രണം പദ്ധതിയിൽ കുറഞ്ഞത് 10 സെൻറ് എങ്കിലും താമര കൃഷി ചെയ്യാൻ താല്പര്യമുള്ളവർ അവസാന തീയതി ജനുവരി 15നകം കൃഷിഭവനുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് ഡയറി സയൻസ് ആന്റ് ടെക്നോളജി കോളേജിൽ ഫെബ്രുവരി 15, 16, 17 തിയ്യതികളിലായി **യോഗർട്ട്** ഉണ്ടാക്കുന്നതിൽ ശാസ്ത്രീയമായ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആന്റ് സെയിൽസ് സെന്ററിന്റെ നേതൃത്തിലാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9744975460 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 16 ന് ശാസ്ത്രീയ പശു വളർത്തൽ, 23ന് ഫാം ടൂറിസം നിങ്ങളുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാമിലും, 29ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'നഴ്സറി പരിപാലനവും പ്രജനന രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ പ്രവർത്തി പരിചയ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 2500 രൂപയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 10 പേർക്കാണ് പ്രവേശനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം